# കാഴ്ച്ച



# ദേവി വിലാസം വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ തലവൂർ



# സ്കൂൾ ചരിത്രം

1947 ആഗസ്റ്റ് 15-ലെ സ്വാതന്ത്ര്യദിന പുലരിയിൽ തലവൂരിൽ ഒത്തുകൂടിയ ജനങ്ങൾ ഐക്യത്തിന്റെയും ഒത്തൊരുമ്മയുടെയും ശക്തി വിളിച്ചോതുന്നതായിരിന്നു. സ്വാതന്ത്ര്യത്തിന്റെ മധുരം പങ്കുവെയ്ക്കുന്നതിനോടൊപ്പം നാടിന്റെ ആകുലതകളും നാട്ടുപ്രമാണിമാർ പങ്കുവെച്ചു. അതിൽ പ്രൈമറി കഴിഞ്ഞാൽ തുടർപഠനത്തിന് സൗകര്യം ഇല്ലാത്തത് ആയിരുന്നു പ്രധാന പ്രശ്നമായി ചർച്ച ചെയ്തത്. ഭൂരിഭാഗം പേരും സ്കൂൾ ആരംഭിക്കുന്നതിനായി പ്രവർത്തിക്കാമെന്നേറ്റു. പക്ഷേ ഉത്തരവാദിത്വം ഏറ്റെടുക്കാൻ ആരും തയാറായില്ല. അവസാനം തലവൂർ തൃക്കന്നമർക്കോട് ദേവസ്വം സ്കൂൾ നിർമ്മിക്കുന്നതിനായി തയാറാണെന്ന് അറിയിച്ചു. തുടർന്ന് നടന്ന വിവിധ യോഗങ്ങളിൽ സ്കൂൾ നിർമ്മിക്കുന്നതിനായി രൂപരേഖ തയാറാക്കി. ക്ഷേത്രത്തോട് ചേർന്ന് വനസമാനമായ സ്ഥലമാണ് സ്കൂളിനായി തിരഞ്ഞെടുത്തത്. ആറ് കരക്കാരായിരുന്നു തലവൂർ ദേവസ്വത്തിന്റെയും ക്ഷേത്രത്തിന്റയും ഉടമസ്ഥർ. ജാതിമത ഭേദമന്യേ നടന്ന കൂട്ടായ പരിശ്രമത്തിന്റെ പരിസമാപ്തിയിൽ ഉയർന്നുവന്ന സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കാൻ 4 വർഷം വേണ്ടി വന്നു.

1952-ൽ ശ്രീ പട്ടം താണുപ്പിള്ള മുഖ്യമന്ത്രി ആയിരിന്ന കാലഘട്ടത്തിൽ വിദ്യഭ്യാസ മന്ത്രിയായിരുന്ന ശ്രീ എ ജെ ജോൺ ആയിരുന്നുകെട്ടിടത്തിന്റ്റെ ശിലാസ്ഥാപനം നടത്തിയത്. പ്രമുഖ നേതാവായ ശ്രീ കളത്തിൽ വേലായുധൻ നായർ തുടങ്ങിയവർ സ്കൂളിന് അംഗീകാരം നേടിയെടുക്കുന്നതിൽ വിജയിച്ചു. കുട്ടിക്കളുടെ എണ്ണം പെരുകിയതുമൂലം ക്ഷേത്രത്തോട് ചേർന്നുള്ള കുളപുരയിലും ഊട്ടുപുരയിലും ക്ലാസുകൾ നടത്തേണ്ടിവന്നു. കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലയ്ക്ക് അക്ഷരവെളിച്ചം പകർന്ന് സ്കൂൾ ഇന്ന് അതിന്റ്റെ ചരിത്രപരമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റിക്കൊണ്ടിരുന്നു.

രാജ്യത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച ധീരസൈനനികരുടെ കലാലയം കൂടിയാണിത്. പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ രാഷ്ട്രീയ-സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ പ്രഗല്ഭരായ നിരവധി പേരെ നാടിന് സംഭാവന ചെയ്യുവാൻ ഈസ്ക്ളിന് കഴിഞ്ഞു. 2002 ൽ നടന്ന സുവർണ ജൂബിലി ആഘോഷങ്ങൾ നാട് മുഴുവൻ ഏറ്റെടുക്കുകയായിരുന്നു. ഇന്ന് സ്കൂളിന്റ്റെ വികാസം ആരെയും അത്ഭുതപ്പെടുത്തുന്നതാണ്. എൽ.കെ.ജി മുതൽ ഹയർസെക്കന്ററി തലം വരെ ആയിരകണക്കിന് കുട്ടികൾ ഈ കലാലയത്തിൽ നിന്നും അറിവിന്റ്റെ പുത്തൻ വെളിച്ചം നേടിക്കൊണ്ടിരിക്കുന്നു.

# സന്ദേശം

സ്നേഹമുള്ള കൂട്ടുകാരെ,

വിദ്യാലയമാകുന്ന കുടുംബത്തിലെ അംഗങ്ങളാണല്ലോ നാമോരുത്തരും. നമ്മുടെ സ്നേഹവും ഐക്യവും പ്രകടമാക്കാനുള്ള ഒരവസരമാണ് ഈ മാസിക. ഇത് തയ്യാറാക്കുന്നതിന് സഹകരിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.

സ്നേഹപൂർവ്വം
ഹെഡ്മിസ്ട്രസ്

## ആമുഖം

പ്രിയമുള്ളവരെ,

കേരളത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസരംഗത്ത് ഡിജിറ്റൽ വിപ്ലവം ഒരുക്കി ലിറ്റിൽ കൈറ്റസ് വിദ്യാർത്ഥികളിലൂടെ പൊതുസമൂഹത്തിലേക്ക് എത്തിക്കുക എന്ന ലക്ഷ്യമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

ഉന്നത വിദ്യാഭ്യാസ ലക്ഷ്യം നേടിയെടുക്കുന്നതിനു വേണ്ടിയുള്ള ഈ സംരംഭത്തിൽ എല്ലാ ഭാവുകങ്ങളും നേരുന്നു.

ലിറ്റിൽ കൈറ്റസിനുവേണ്ടി,
ചീഫ് എഡിറ്റർ
ഖദീജ ഷാജഹാൻ

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ ..ഖദീജ ഷാജഹാൻ

സബ് എഡിറ്റർ ..മുഹമ്മ്ദ് ആദിൽ

അംഗങ്ങൾ ..

ജറിൻ പി ജോർജ്
പ്രണവ് പി കെ
കിരൺ .ഡി
ശ്രീജിത്ത്
ആദിത്യ എസ്
അസ്ലാം ജഹാംബീർ
ശരത്ത്
അൻസൽ എസ്
ഗൗരി
മുഹമ്മദ് ഹസൻ
നന്ദഗോപൻ
സൂരജ്
അർഷ സുരേഷ്
മുഹമ്മദ് റാഫി
അബ്ദുൾ അഹദ്
നിഹാൽ
ശ്രീലാൽ

# താളുകളിലൂടെ


പേജ്

സ്കൂൾ ചരിത്രം .................. 3
സന്ദേശം .................. 5

എഡിറ്റോറിയൽ .................. 7

കവിത

അമ്മയെന്ന സ്നേഹം ................ 10
സ്നേഹം ................ 11

കഥ

സ്നേഹത്തിൻറെവില ................ 12

കവിത

നിഴൽ .................. 13
കടംകഥകൾ ................ 14

ജീവിതത്തിൽ ഓർക്കാൻ- ......... 15
കാര്യങ്ങൾ
കഥകളി .................. 17
പ്രളയം ............. 19
ഭൂമിയുടെ മായകൾ........ 20
വായനയ്ക്കുന്ന യവ്വനം.... 21
ഘടികാരം...... 23
കഠിനാധ്വാനം ജീവിതവിജയം.... 24
ലഹരിയുടെ ഉപയോഗം-
സാമൂഹിക ആപത്ത് ................ 26
ഔർമ്മയുടെ നൈരന്തര്യം..... 28

## കവിത

# അമ്മയെന്ന സ്നേഹം

അമ്മയാണെൻെറ ആദ്യ അധ്യാപിക
ഞാൻ പഠിച്ച പാഠമാണമ്മ
സ്നേഹത്തിൻെറ നിറകുടമാണമ്മ
അമ്മ പറഞ്ഞ അറിവാണ് ജീവിതതുടക്കം
എൻ മനസ്സിൽ ആദി അക്ഷരം കുറിച്ചതെൻ അമ്മ
അമ്മ എന്ന രണ്ടക്ഷരം മറക്കില്ല ഞാൻ

ദേവിക ലക്ഷ്മി



# സ്നേഹം

ഏറിയേങ്ങി വരുന്നോരു കാലവും
നീറി പിടയുന്നു നെഞ്ചകം
ശരികേടിനിക്കാണുവാൻ വയ്യ
നേരമില്ലിനി കാക്കുവാൻ
നേരിനായ് നന്മയ്ക്കായ് വിരൽ
ചൂണ്ടീടാം നമുക്കിനി
പുതുമയിൽ ഒരു നറുപുഞ്ചിരി
വിരിയട്ടെ ഓരോരുത്തരിലും
നന്മയിലേക്കൊരു തുടക്കവും കുറിച്ചിടാം.

ആരോമൽ എസ്

# കഥ
# സ്നേഹത്തിൻെറ വില

ആകാശത്തു നിറയെ തിളങ്ങുന്ന നക്ഷത്രങ്ങൾ
അവൾ ആ നക്ഷത്രത്തേയും നോക്കിയിരുന്നു
അവൾ രാത്രി ഭക്ഷണം കഴിച്ച് കിടന്നു അവളുടെ വീട്ടിൽ ആഹാരത്തിന് പോലും ബുദ്ദിമുട്ടായിരുന്നു .കീറിയ ഉടുപ്പും ഇട്ട് സ്കൂളിൽ ചെന്ന അവളെ എല്ലാവരും കളിയാക്കി കളിയാക്കലിനെ കുറിച്ച് അവൾ അമ്മയോട് പറഞ്ഞു ദൈവം നമ്മളെ കാത്തുകൊള്ളുംഅമ്മ പറഞ്ഞു. ഈ വിഷമതകൾക്കിടയിലും അവൾ നന്നായിപഠിച്ചു അവൾ വളർന്ന് മിടുക്കിയായി ഉയർന്ന ജോലി ലഭിച്ചു അവളുടെ കഷ്ടപ്പാടുകളെല്ലാം മാറി.കളിയാക്കിയവരെല്ലാം അവളെ ബഹുമാനിച്ചു.അമ്മയുടെ സ്നേഹമാണ് അവളെ രക്ഷിച്ചത്.


ആരോമൽ

# നിഴൽ

മരണം വരെ നീ എന്നോടൊപ്പം പാർത്തു
നിൻെറ തണലിൽ ഞാൻ പാർത്തു...
എൻെറ കൂടെ ആരുമില്ല...
എന്നാൽ നീ എന്നോടൊപ്പം പാർത്തു
നീ ആണ് നിഴൽ

ഞാൻ പോകുന്നിടത്ത് നീ എത്തിയപ്പോൾ...
എൻ മനസ്സ് കുളിർന്നു

നീ മായാതെ എന്നോടോപ്പം നിന്നു...
മിഴികളിലേക്ക് നീ വന്നു...
എൻ മനസ്സ് നിനക്കുവേണ്ടി കാത്തു നിന്നു
നീ ആണ് എൻെറ നിഴൽ...



## കടംകഥകൾ

.അക്കരെ നിക്കും മച്ചമ്പി ഇക്കരെ നിക്കും മച്ചമ്പി കടലിൽ ചാട്ടും മച്ചമ്പി കുന്നിൽ കയറ്റും മച്ചമ്പി

ഉ. സൂര്യൻ

.ആരോട്ടും അമ്മ മുരുമുരുത്ത് മകൾ മിനുമിനുത്ത് മകളുടെ മകളൊരു മാണിക്യകല്ല്

ഉ. ചക്ക

.അമ്പലത്തിലെ പൂമരത്തിൽ പൂവ് മാത്രമുണ്ട് കൊമ്പില്ല

ഉ. കൊടിമരം

.അനിയത്തി ചോന്നിട്ട്, ഏട്ടത്തി പച്ചിച്ച്, അമ്മച്ചി മഞ്ഞിച്ച്

ഉ. ഇലകൾ

.ആരോട്ടും മല്ലടിക്കും മല്ലൻ വെള്ളം കുടിച്ചാൽ ചത്ത് പോകും

ഉ. അഗ്നി

ഒരമ്മ കുളിച്ച് വരുമ്പം പിന്നിൽ ആയിരംതുള്ളൽകാർ

ഉ. മുടി

.എൻെറ അച്ചൻ ഒരു കാളേ കൊണ്ടു വന്ന് കെട്ടാൻ ചെന്നപ്പോൾ കഴുത്തില്ല

ഉ. ആമ

ഇല്ലിക്കൊമ്പത്തില്ലിക്കൊമ്പത്ത് തീശാൻ മാപ്പിളതീ കായുന്നു

ഉ. മിന്നാമിന്നുങ്ങ്

നദ്രിഷ് പിള്ള

## <u>ജീവിതത്തിൽ ഓർക്കാൻ</u>

ജീവിതത്തിൽ ഒരിക്കൽ നഷ്ടപ്പെട്ടാൽ പീന്നിട് ഒരിക്കലും തിരിച്ച കിട്ടാത്ത 3
കാര്യങ്ങൾ.

1. സമയം
2. പറഞ്ഞുപോയ വാക്കുകൾ
3. നല്ല അവസരങ്ങൾ

ജീവിതത്തിൽ ഒരിക്കൽ നഷ്ടപ്പെട്ടാൽ തിരിച്ച നേടാൻ ബുദ്ധിമുട്ടുള്ള
കാര്യങ്ങൾ.

1. ആദരവ്
2. വിശ്വാസം
3. സൗഹൃദം

ജീവിതത്തിൽ ഏറ്റവും വിലപ്പെട്ട 3 കാര്യങ്ങൾ.

1. സ്നേഹം
2. ആത്മവിശ്വാസം
3. നല്ല സൗഹൃദം

ജീവിതത്തിൽ നിലനിൽക്കുന്നുവെന്ന് ഉറപ്പില്ലിത്ത 3 കാര്യങ്ങൾ.

1. സ്വപ്നങ്ങൾ
2. വിജയം
3. ഭാഗ്യം



## പ്രളയം



എല്ലാം തകർക്കാനെത്തിയതിഥി
കഷണിക്കാതെ  വന്നൊരഥിതി
കൊണ്്ുപോയെൻ സ്വപ്നങ്ങളും
പിന്നെ തകിടംമറിച്ച എൻജീവിതവും

നിറയുന്ന കവിയുന്ന ഈ പുഴകൾ
കോപിച്ച  പെട്ടുന്ന ഈ മലകൾ
മുങ്ങി താഴുന്ന നാട്ടും നഗരവും
മായുന്ന മറയുന്ന എന്റെ സ്വപ്നങ്ങൾ

കരുതിൽവെച്ചതെല്ലാം  കൊണ്ടുപോയി
കൂടെ എൻ ഉറ്റവരെയും
തട്ടിപറിച്ച ഈ മഴപ്പാച്ചിൽ

മേപ്പാടിയും കവളപാറയും
കൊണ്ടുപോയ ആ ജീവനുകൾ
ആരു നൽകും ഇനി ആരു നൽകും
ആരു നൽകും ഇനി ആരു നൽകും

ഇത് എഴുതിയത്
സൽവാ ഷരീഫ്

# ഭൂമിയുടെ  മായകൾ

കാറ്റിൻെറ വേഗത ശക്തമാണെങ്ഗിലും
കാറ്റിനെ തഴുകാൻ കഴിവുള്ളൂ...........
മഴയെ ചെറുക്കുവാൻ മഴയക്കല്ലാതാർക്കാണ്
കൃത്രമോപകരണങ്ങൾക്കുപോലും........
കൃത്രമോപകരണങ്ങൾക്കുപോലും........
ഇടിയും മിന്നലും ഭൂമിയുടെ പ്രക്രുതിയുടെ
മായകൾ തന്നെയാണ്.....................
മായകൾ തന്നെയാണ്......................
നാണിച്ചു തലകുനിച്ചു നിൽകുന്ന
ചെടിയിലെ പുല്ലിലെ ഇലകളെ
എഴുന്നേൽക്കു....നിങ്ങൾ....എഴുനേൽക്കു
ഇലകൾ  മാത്രം എഴുനേൽറ്റാൽ
പോരൈയൻ ഭൂമിയിലെ അംഗങ്ങൾ എഴുനേൽക്കണം
എങ്കിൽ മാത്രമേ ഭൂമിയെ
നമമുക്ക് രക്ഷിക്കാൻ സാധിക്കു.....................
നമ്മുക്ക് രക്ഷിക്കാൻ സാധിക്കു......................

എഴുതിയത് . അനുജ

.

# വായനയ്ക്കിന്നും യൗവ്വനം

വായനക്ക് പ്റായവുമില്ല യൗവ്വനവുമില്ല .കുട്ടികൾക്കും യുവാക്കൾക്കും മാത്രമല്ല,അറുപതും,എഴുപതും,എൺപതും പിന്നിട്ട തലമുറയ്ക്കിന്ന പുസ്തകങ്ങളും ഇന്നും വായനയുടെ ലോകത്ത് ലഭ്യമാണ്. ഒറ്റപെടലനുഭവിക്കുന്നവർക്ക് കൂട്ടായും തണലായും കുട്ടികൾക്ക് വിജ്ഞാനമായും അറിവായും യുവാകൾക്ക് പഠനാനാന്തം പരിശീലനമായും വായനകൂടെയുണ്ട്

എന്നാലിപ്പോൾ എഴുത്തുകാരെ ചൗദിച്ച് പുസ്തകം വാങ്ങുന്നവരുടെ എണ്ണം കുറഞ്ഞുക്കൊണ്ടിരിക്കുകയാണ്.ഇതിനർത്തം വായനയോടുള്ളപ്റിയം കുറഞ്ഞീരിക്കുകയാണെന്നാണ്.എന്നാൽ പരമ്ബരാഗത പുസ്തകവായനയോട് ആൾക്കാർക്ക് പ്റിയം കൂടിട്ടുണ്ട് .ഇപ്പോൾവായനശാലകളൊന്നും ആരും അനൗജ്യമായി ഉപയോഗിക്കപ്പെടുത്തുന്നില്ല.അതിനാൽ വായനശാലയുടെ എണ്ണം കുറഞ്ഞ്ക്കൊണ്ടിരിക്കുന്നു. ഇപ്പോൾ ആർക്കും വായനശാലയിൽ പോകാനോ നല്ല നല്ല പുസ്തകങ്ങൾ തിരഞ്ഞെടുക്കാനോ സമയമില്ല.വായന മനുഷ്യനെ പൂർണ്ണമാക്കുന്നു.പുസ്തകം പോലെ നമ്മളെ തിരുത്തുന്ന മറ്റൊരു ചങ്ങാതിയീല്ല

ഇത്തിരിസമയം കിട്ടുമ്ബോൾ എല്ലാവരും മൊബൈൽ എടുത്തു ചാറ്റുച്ചെയ്യുകയും ഗെയിംകളിക്കുകയും ചെയ്യും.ഗെയിം കളിക്കുന്നതുകൊണ്ടോ ചാറ്റ് ചെയ്യുന്നതുകൊണ്ടോ ഒരറിവും ലഭിക്കുന്നില്ല.എന്തെങ്കിലും ഒരു സംശയമുണ്ടായാൽ ആരും അതിനെപ്പറ്റി ചിന്തിക്കാൻ ശ്ര്മിക്കുന്നില്ല .ഉടനെ ഫോണെടുത്ത് ഗൂഗിളിൽ സെർച്ച് ചെയ്യും.ഇപ്പോൾ എല്സാവരും ഫോണിന്റെ അടിമകളായി കൊണ്ടിരിക്കുന്നു.വായിച്ച് വളരണം ചിന്തിച്ച് വിവേകം നേടണം.എന്ന വാക്യം നമുക്കിവിടെ ഓർക്കാം.

ഇവിടെ എബ്റഹാം ലിങ്കൺന്റെ കൂടെ വരികൾ നമുക്കിവിടെ ഓർക്കാം.വളരെ അധികം ചിന്തിക്കുക കുറച്ചു മാത്റം സംസാരിക്കുക.അതിലും കുറച്ചെഴുതുക.

# ഘടികാരം

മകരം മുറിക്കുള്ളിൽ
തണുപ്പായുറയുന്നു
താടിയെല്ലിൻെറതാളം
മുറുകിത്തുടങ്ങുന്നു
ഭിത്തിയിൽ ഇളുങ്ങുംപാച്ചിൽ
നെഞ്ചിടിപ്പേറുന്നു

ഇത്തിരി ഭയപ്പാടാൽ
ഞെട്ടിഞാനുണരുന്ന
അച്ഛനംമമ്മയും പെങ്ങളൊക്കെയും
കൂടിചേർന്നു ഘടികാരത്തിൻ
സൂചിയായവർ നിന്നിടുന്നു

അവർതൻ സ്പന്ദനങ്ങളെൻ
നിശ്വാസമായിടുന്നു
അവർ തന്നൂർജം ഞാനറിയാതെ നടക്കുന്നു
അവർതൻ ചലനത്തിൽ
ഞാൻ ഘടികാരമാകുന്നു

By kashi.b

# കഠിനാധ്വനം ജീവിതവിജയം

ഒരു പാവപ്പെട്ട കുടുംബത്തിലെ വൃദ്ധമാതാപിതാക്കൾക്ക് രാമു എന്ന മകനുണ്ടായിരുന്നു. അയാളുടെ ഭാര്യയുടെ പേര് സീത എന്നായിരുന്നു. അവർക്ക് ഒരു ദിവസം ജോലിക്കുപോയില്ലെങ്കൽ അന്ന് ഭക്ഷണം കഴിക്കാൻസാധിക്കില്ലായിരുന്നു. അവരുടെ അച്ഛനും അമ്മയും പ്രായമായി വരികയായിരുന്നു. സീതയ്ക്കും രാമുവിനും കുട്ടികൾ ഇല്ലായിരുന്നു.അത്അവർക്ക്
വളരെയധികം വിഷമമുണ്ടാക്കി. അങ്ങനെയിരിക്കെ ഒരു ദിവസം എല്ലാവരും ചേർന്ന് ഒരു ആൺകുട്ടിയെ ദത്തെടുത്തു. അപ്പോൾ അവന് 5 വയസ്സുണ്ടായിരുന്നു. അവർ അവന് വിവേക് എന്നു പേര് നൽകി. രാമു എന്നും കാട്ടിൽപോയി വിറകുവെട്ടിക്കൊണ്ടുവരുകയും,പഴങ്ങൾ കൊണ്ടുവന്നും വ്യാപാരം നടത്തി സ്വന്തം കുടുംബത്തെ നയിച്ചു കുറേനാൾ കഴിഞ്ഞപ്പോൾ രാമുന്റെ അച്ഛൻ മരിച്ചു ഇപ്പോൾ ആ കുടുംബത്തിൽ രാമുവും സീതയും അമ്മയും വിവേകും മാത്രം.രാമുവിൻെറ ജോലികൊണ്ട് ആ കുടുംബം പോറ്റാൻ കഴിഞ്ഞില്ല അവൻ വിട്ടിൽ നിന്നും പോയി രണ്ടു ദിവസം കഴിഞ്ഞിട്ടും കാണാതെ ഭയന്ന വീട്ടുകാർ അവനെ

അന്വേഷിച്ചിറങ്ങി പക്ഷെ അവനെ കണ്ടില്ല. പിന്നെ സീത രാമുവിനെ പോലെ വ്യപാരം നടത്തി കുടുംബം പോറ്റി.അങ്ങനെയിരിക്കെഒരു ദിവസം രാമു തിരികെവന്നു.രാമു അവരെ കണ്ട് വളരെ അധികം സന്തോഷിച്ചു എല്ലാവരും അവനെ കെട്ടിപുണർന്നു രാമുവിന് ഭക്ഷണം നൽകിയ ശേഷം രാമുവിനോട് കാര്യങ്ങൾ എല്ലാം പറഞ്ഞു. അപ്പോൾ പുറത്ത്ആരോവിളിക്കുന്നത് കേട്ടു.അത് പോസ്റ്റ്മാനായിരുന്നു അയാൾ വിവേകിനു ഒരു ലെറ്ററുമായി വന്നതായിരുന്നു.IAS പരീക്ഷയിൽ ഒന്നാംറാങ്ക് കിട്ടി.അവൻെറ ജീവിതം നല്ലതായി വരാൻ അവൻെറ മാതാപിതക്കളും അമ്മുമ്മയും എന്നും ക്ഷേത്രത്തിൽ പോകുകയുംവഴിപാടുകൾ നടത്തുകയും ചെയ്തു.പിന്നീട് അവർ അവരുടെ കയ്യിലെ പണമെല്ലമെടുത്ത് നഗരത്തിൽ ഒരു ബേക്കറി തുടങ്ങി.ഒരു കാർ വാങ്ങി.അങ്ങനെ ബാക്കിയുള്ള കാലം അവൻ ആ ജില്ലയുടെ കളക്ടറായി അച്ഛൻെറയും അമ്മയുടെയും മുത്തശ്ശിയുടെകൂടെ സന്തോഷമായി ജീവിച്ചു



എഴുതിയത്

ഹരേകൃഷ്ണ എംഎസ്

# ലഹരിയുടെ ഉപയോഗം സാമൂഹിക ആപത്ത്

മാന്യ സദസ്സിനു നമസ്കാരം,

ഇന്നത്തെ സമൂഹം നേരിടുന്ന പ്റശ്ണങ്ങളിൽ ഒന്നാണ് ലഹരിയുടെ ഉപയോഗം.ലഹരി പദാർഥങ്ങളുടെ ഉപയോഗം സമൂഹത്തിൽ വർധിച്ച് വരിയാണ്.പുകയില,മദ്യം,മയക്കമരുന്ന് തുടങ്ങിയവ നിയന്ത്റിച്ച് ഉപയോഗക്കാമെന്ന് കരുതുന്നവർ പൈകാതെ അതിനു കീഴടങ്ങും.ക്റമേണ ലഹരിയുടെ അടിമകളാവുകയും ചെയ്യും.വ്യക്തികളിൽ ആരൗഗ്യ പ്റശ്ണങ്ങൾ



ഉണ്ടാകുന്നതിനോടൊപ്പം കുടുംബ ശൈഥില്യത്തിനും സാമൂഹിക ഒറ്റപ്പെടലിനും ലഹരിയുടെ ഉപയോഗം കാരണമാകുന്നു.ലഹരിയുടെ അടിമകളായി തീരുന്ന ഓരോ വ്യക്തിക്കും ശാരീരികവും മാനസികവുമായ പ്റശ്ണങ്ങൾ ഉണ്ടാകുന്നു.ലഹരി പദാർഥങ്ങളുടെ ഉപയോഗം മൂലം കുറ്റക്റത്ത്യങ്ങൾ വർധിക്കുന്നു,ആത്മഹത്യ, അപകടമരണം എന്നിവയ്ക്ക് കാരണമാകുന്നു.കുടുംബ പ്റശ്ണം,സാമ്ബത്തിക പ്റതിസന്ധി എന്നിവയ്ക്ക് കാരണമാകുന്നു.ലഹരി പദാർഥങ്ങളുടെ ഉപയോൻം വ്യക്തിക്കു മാത്റമല്ല,സമൂഹത്തെ ഒന്നടങ്കം ബാധിക്കുന്നു.അതിനാൽ ലഹരി പദാർഥങ്ങളുടെ ഉപയോഗം സാമൂഹിക പ്റശ്ണമാക്കാൻ കഴിയും.മനുഷ്യബന്ധങ്ങളെ തകർത്തെറിയുന്ന ലഹരിവസ്തുക്കളെ കണിശമായും വർജിക്കണം.ലഹരിയുടെ ദൂഷ്യ വശങ്ങളെക്കുറിച്ച ജനങ്ങളെ ബോധവൽക്കരിക്കാൻ നമുക്ക് ഒരുപാട് പ്റവർത്തനങ്ങൾ ചെയ്യാൻ കഴിയും. കൗൺസലിംഗ്,ബോധവൽക്കരണ ക്ളാസുകൾ, എന്നിവ സംഘടിപ്പിക്കുക,ലഹരിവിരുദ്ധ ദിനം ആചരിക്കൽ,പോസ്റ്റർ,മുദ്രാപാക്യങ്ങൾ എന്നിവ തയ്യാറാക്കൽ തുടങ്ങിയ പ്റവർത്തനങ്ങളിലൂടെ ജനങ്ങളെ ബോധവൽക്കരിക്കാൻ കഴിയും.

# ഔർമ്മയുടെ നൈരന്തര്യം

ഞാൻ മുള്ളുവലി മാറ്റി വീടിനു പുറത്തെ റോഡിലിറങ്ങി അകത്ത് പനച്ച വിറച്ചുകിടക്കുന്ന അമ്മ ചോദിച്ച 'മോനെ കഞ്ഞിയെടുത്തോ' ഞാൻ പറഞ്ഞു 'എടുത്തമ്മേ' വാസ്തവ-ത്തിൽ പനിച്ച വിറച്ച കിടക്കുന്ന അമ്മയുടെ മുഖം ഔർത്ത-പ്പോൾ എടുക്കാൻ തോന്നിയില്ല പട്ടിണിയാണ് പാവം അ-തെങ്കിലും കഴിക്കട്ടെ പതിവിലും നെരത്തെ സ്കൂളിൽ എത്തി വേഗംതന്നെ ഉച്ച മണിയും മുഴങ്ങി പതിവ് പോലെ മാവിൻ ചുവട്ടിൽ പോയി നിന്നു പെട്ടെന്ന് പുറകിൽ നിന്നൊരു ശബ്ദം 'മൊനെ ബാലു' കഴിച്ചില്ലെ ഞാൻ പറഞ്ഞു അത് അമ്മയ്ക്ക് പനിയാണ്. നീവാ ഞാൻ തരാം എന്ന് പറഞ്ഞ് ശാരത ടീച്ചർ പൊതി ച്ചോറ് എനിക്കു തന്നു. പിന്നീട്

ടീച്ചർ രണ്ട് പൊതി കൊണ്ട് വരുമായിരുന്നു സാറെ ആരൊ കാണാൻ വന്നിരിക്കുന്നു . ആശബ്ദം എൻറ്റെ ഓർമ്മകളിൽ നിന്ന് കരകയറ്റി. 'ആ വരാൻ പറയൂ' ഒരു അമ്മയും മകനും കയറി വന്നു. വൈകിട്ട് വീട്ടിൽ വരാൻ ഞാൻ പറഞ്ഞു . വൈകിട്ട് അവർ വീട്ടിൽ വന്നു . അവരൊ-ടൊപ്പം ഇരുന്ന് ഞാൻ അത്താഴം കഴിച്ച ശേഷം അവർ പറഞ്ഞു. 'മോനെ എൻറ്റെ മകൻറ്റെ കഴിവിനനുസരിച്ച ഒരു ജോലി കൊടുക്കാമൊ '. ഞാൻ ശരി എന്നു മൂളി അപ്പൊൾ അവർ പറഞ്ഞു. 'വളരെ നന്ദിയുണ്ട് മകനെ ' ഞാൻ പറഞ്ഞു. നിങ്ങൾ പണ്ട് തന്ന ആ പൊതി ചോറിൻറ്റെ വിലയുണ്ടൊ ശാരത ടീച്ചർ ഈ ജോലിക്ക് . അവർ കരഞ്ഞു കൊണ്ട് പറഞ്ഞു. 'മോനെ ബാലു നീ ' അതേ ടൂച്ചർ . എനിക്കു കിട്ടിയ ഒരു നല്ല പ്രവർത്തിയുടെ പ്രതി പ്രവർത്തനം ചെയ്തപ്പോഴുള്ള സംത്രുപ്തിയൊടെ ഞാൻ അന്നുറങ്ങി.

അഖിൽ ക്രഷ്ണൻ

## നന്ദി

കുഞ്ഞുമനസ്സുകളിലെ സ്വർഗ്ഗാത്മക പ്രവർത്തനങ്ങളെ വളർത്താൻ ലിറ്റിൽ

കൈറ്റ് തയാറാക്കിയ 'കാഴ്ച്ച' മാഗസീൻ

ഇവിടെ പൂർത്തിയാക്കട്ടെ.....

കാഴ്ച്ച എന്ന ഞങ്ങളുടെ ഈ എളിയ സമാഹാരത്തിന്

പിന്നിൽ പ്രവർത്തിച്ച

എല്ല കൂട്ടുകാർക്കുംഉരു ജനങ്ങൾക്കും ഒരായിരം

നന്ദി

സ്നേഹപൂർവം

ലിറ്റിൽ കൈറ്റ് എഡിറ്റോറിയൽ

'കാഴ്ച്ച'

ഡി.വി.വി.എച്ച്.എസ്.

## തലവൂർ